**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനസ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 നിയന്ത്രണങ്ങൾ കാരണം യാത്രക്കാർ കുറയുകയും ലാഭകരമല്ലാതാകുകയും ചെയ്ത റൂട്ടുകളിൽ പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഏതൊക്കെ സർവ്വീസുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത്; ഷെഡ്യൂൾ വിവരങ്ങൾ ഉൾപ്പെടെ ഡിപ്പോ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് 19 നിയന്ത്രണങ്ങൾ കാരണം യാത്രക്കാർ കുറയുകയും, ലാഭകരമല്ലാതാകുകയും ചെയ്ത റൂട്ടുകളിൽ പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട, വെള്ളറട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും റദ്ദാക്കിയ ട്രിപ്പുകൾ / ഷെഡ്യൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു. വെള്ളറട 1. 05.00 വെള്ളറട – കൂട്ടപ്പൂ -ഇടവാച്ചൽ - തിരുവനന്തപുരം 2. 05.30 വെള്ളറട-വാഴിച്ചൽ-മണക്കാല-കാട്ടാക്കട 3. 05.40 വെള്ളറട - കള്ളിമൂട്-മെഡിക്കൽകോളേജ് 4. 06.30 വെള്ളറട-മുട്ടച്ചൽ-കാട്ടാക്കട 5. 06.00 വെള്ളറട-കടുക്കറ 6. 04.00 വെള്ളറട - കാരക്കോണം-നെയ്യാറ്റിൻകര-തിരുവനന്തപുരം 7. 07.50 വെള്ളറട-മൈലച്ചൽ-കാട്ടാക്കട-പി.റ്റി.പി-തിരുവനന്തപുരം കോവിഡ് നിയന്ത്രണങ്ങൾ മൂലം യാത്രക്കാർ തീരെ ഇല്ലാത്തതും, ഡീസൽ ചെലവിനുപോലും കളക്ഷൻ ലഭിക്കാത്ത തുമായ മുകളിൽ കൊടുത്തിരിക്കുന്ന 7 ട്രിപ്പുകൾ താൽക്കാലികമായി വെള്ളറട ഡിപ്പോയിൽ നിർത്തിവച്ചിട്ടുണ്ട്. ടി ട്രിപ്പുകൾ ഉൾപ്പെട്ട ഷെഡ്യൂളുകളുടെ മറ്റ് ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു. നെയ്യാറ്റിൻകര 1. 06.00 സി.വി.ആർ. പുരം-കളിയിക്കാവിള 2. 06.50 നെയ്യാറ്റിൻകര-മൂവേലിക്കര 3. 05.40 നെയ്യാറ്റിൻകര-കോട്ടുകോണം പാറശ്ശാല 1.06.00പാറശ്ശാല-കളിയിക്കാവിള-നെടുമങ്ങാട് 2. 06.20 പാറശ്ശാല – കളിയിക്കാവിള - പൂഴിക്കുന്ന് 3. 05.20 പാറശ്ശാല - കളിയിക്കാവിള-ആലമ്പാറ-തിരുവനന്തപുരം 4. 06.00 പാറശ്ശാല – കളിയിക്കാവിള - മുള്ളുകാട്-തിരുവനന്തപുരം 5. 05.20 പാറശ്ശാല - കളിയിക്കാവിള-പാങ്ങോട്ടുകോണം-അരുവിപ്പുറം-മെഡിക്കൽകോളേജ് 6. 05.00 പാറശ്ശാല - നരിക്കുഴി-തിരുവനന്തപുരം കാട്ടാക്കട യൂണിറ്റിൽ, കോവിഡ് നിയന്ത്രണങ്ങൾ മൂലം യാത്രക്കാർ തീരെ |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതും ഡീസൽ ചെലവിനുള്ള തുക പോലും ലഭിക്കാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന 9 ഷെഡ്യൂളുകൾ താൽക്കാലികമായി സർവ്വീസ് നിർത്തി വച്ചിട്ടുണ്ട്. 1. 05.40 കാട്ടാക്കട-പന്ത-ചെമ്പകപ്പാറ 2. 06.00 കാട്ടാക്കട-പൂഴനാട്-മണക്കാല-വാഴിച്ചൽ 3. 05.10 കാട്ടാക്കട-വാലിയോട്-വാഴിച്ചൽ 4. 05.50 കാട്ടാക്കട-ഒറ്റശേഖരമംഗലം-പെരുങ്കടവിള-ഊരുട്ടമ്പലം-കിഴക്കേകോട്ട 5. 05.00 കാട്ടാക്കട-പൂഴനാട്-കള്ളിക്കാട് 6. 05.50 കാട്ടാക്കട-പൂഴനാട്-കള്ളിക്കാട് 7. 06.10 കാട്ടാക്കട-മൈലച്ചൽ-കുടയാൽ-കാരക്കോണം-കളിയിക്കാവിള 8. 11.05 കാട്ടാക്കട-ഉത്തരംകോട്-കോട്ടൂർ-കള്ളിയൽ (മായം സ്റ്റേ ഡ്യൂട്ടി) 9. 12.25 കാട്ടാക്കട - പാങ്ങോട്-തിരുവനന്തപുരം (കൂട്ടപ്പ സ്റ്റേ). |
| (ബി) | ഇതിൽ ഏതൊക്കെ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിലെ സാഹചര്യത്തിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിലും രാവിലേയും, വൈകുന്നേരവും കൂടുതൽ ട്രിപ്പുകൾ നടത്തുന്ന രീതിയിലും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും കോർപ്പറേഷന് ഗുണകരമായ രീതിയിലും അധിക ട്രിപ്പുകൾ നടത്തുന്ന രീതിയിലാണ് സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള പുന:ക്രമീകരണത്തിനുശേഷം ജനോപകാരപ്രദവും കോർപ്പറേഷന് കൂടുതൽ നഷ്ടം വരാത്ത രീതിയിലും അധിക ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിനും ഗ്രാമീണ മേഖലകളിലടക്കം ബസ് സർവ്വീസ് നടത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഗ്രാമീണ മേഖലകളിൽ നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ബഹു: ഗതാഗത വകുപ്പ് മന്ത്രി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലെ പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കോവിഡ് പശ്ചാത്തലത്തിൽ കെ.എസ്. ആർ.ടി.സി. ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് |

| | | | |
|---|---|---|---|
| | | | പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ